LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. എൻ. രാജൻ, ശ്രീ. കെ. കെ. ഷാജു എന്നിവരെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III അടിയന്തരപ്രമേയം

നിയമനത്തട്ടിപ്പ്

മി. സ്പീക്കർ : ഓർഡർ, ഓർഡർ.... സംസ്ഥാനത്ത് നടന്നുവരുന്ന നിയമനത്തട്ടിപ്പ് ഉദ്യോഗാർത്ഥികളേയും കേരള ജനസമൂഹത്തേയും ഞെട്ടിച്ചിരിക്കുകയാണ്. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് റവന്യൂ വകുപ്പിലേയും കമ്മീഷണറേറ്റിലേയും അതിപ്രധാന സ്ഥാനങ്ങൾ കൈക്കലാക്കി ആസൂത്രിതമായ തട്ടിപ്പാണ് നടന്നിട്ടുള്ളത്. പി.എസ്.സി.യെ മറയാക്കിയും ചില വകുപ്പുകളിൽ പി.എസ്.സി.യെത്തന്നെ ഒഴിവാക്കിയും നടക്കുന്നതായി പറയപ്പെടുന്ന നിയമ ലംഘനങ്ങളെ സംബന്ധിച്ച് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. റ്റി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, എന്റെ സുഹൃത്തുക്കൾ നൽകിയ അടിയന്തരപ്രമേയത്തിന്റെ പ്രധാന വിഷയങ്ങളെല്ലാംതന്നെ ഇന്നത്തെ ചോദ്യം *2-ന്റെ മറുപടിയിലൂടെ ഇവിടെ നമ്മൾ വിശദമായി ചർച്ച ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനം തന്നെ പൊളിഞ്ഞിരിക്കുകയാണ്. അപ്പോൾ ഈ അടിയന്തരപ്രമേയത്തിന്റെ അടിയന്തരം പോയിക്കഴിഞ്ഞാൽ പിന്നെ പ്രമേയം എന്നുള്ളതുമാത്രമേ അവശേഷിക്കുന്നുള്ളൂ. അതുകൊണ്ട് എന്റെ സ്നേഹിതന്മാർ നേരത്തെ ഉണ്ടായിട്ടുള്ള കാര്യങ്ങളൊന്നും മനസ്സിലാക്കാതേയും ഇതേ വിഷയത്തിൽ ഇന്ന് നക്ഷത്രചിഹ്നമിട്ട ചോദ്യം വരുമെന്നുള്ളതൊന്നും മനസ്സിലാക്കാതേയും സ്ഥിരമായി എഴുതിക്കൊണ്ടുവരുന്ന അടിയന്തരപ്രമേയം അവർ ഇത്തവണയും കൊണ്ടു വന്നുവെന്നേയുള്ളൂ. അതുകൊണ്ട് കാര്യങ്ങൾ നല്ലപോലെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടക്കമുള്ള ആളുകൾ കാര്യങ്ങൾ മനസ്സിലാക്കി ഇതിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനമെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഈ അടിയന്തരപ്രമേയത്തിന് യാതൊരു പ്രസക്തിയും ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ കേരളം ഭരിക്കുന്ന, കേരളത്തിലെ ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയും വളരെ ഒരു ലാഘവബുദ്ധിയോടുകൂടി ഈ തട്ടിപ്പിനെ കണ്ടതിൽ എന്റെ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. അങ്ങ് അങ്ങയുടേതായ രൂപത്തിൽ ഉയർന്നുനിന്നുകൊണ്ട് ഈ പ്രതലത്തിൽ അത് കാണുമെന്ന് ഞാൻ